മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനായി - സമിതി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 4130/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 22.05.2018

സൂചന: 1) 18.05.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 108/2018/പൊഭവ.
2) 19.05.2018-ലെ രജിസ്ട്രാറുടെ കുറിപ്പ് നമ്പർ. രജി/292/01/2018, വൈസ് ചാൻസിലറുടെ ഉത്തരവ് സഹിതം.

## ഉത്തരവ്

സംസ്ഥാനത്തെ എല്ലാ സർക്കാർ അർദ്ധ-സർക്കാർ, സ്വയംഭരണ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം 2018 ഡിസംബർ 31-നകം നടപ്പിലാക്കേണ്ടതാണെന്ന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2018 ഡിസംബർ 31-നകം സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനും, നിലവിലുള്ള ബയോമെട്രിക് സംവിധാനം, സ്പാർക്കുമായി ബന്ധപ്പെടുത്തുവാൻ സാധിക്കുന്നതാണോ എന്നു പരിശോധിക്കുന്നതിനും ഫിനാൻസ് ഓഫീസർ, ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം) ശ്രീ. ബി. രാധാകൃഷ്ണപിള്ള, അസിസ്റ്റന്റ് രജിസ്ട്രാർ-3 (അക്കാദമിക്) ശ്രീ. ദിലീപ് കുമാർ ആർ. എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ
2. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
3. വൈസ് ചാൻസിലറുടെ/ പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
5. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
6. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
7. എ.ഡി.ഡി സെക്ഷൻ / എ.സി.സി സെക്ഷൻ / പബ്ലിക് റിലേഷൻസ് ഓഫീസർ
8. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ /ഐ.ക്യൂ.എ.സി.
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-2-11/2018 (സബ്ഫയൽ)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം